പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4292 | 17.12.2014- ൽ മറുപടിക്ക് |
|---|---|

**ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെയും ജില്ലാടിസ്ഥാനത്തിലും അതിന് താഴെയുമുള്ള ഓഫീസുകളുടെയും പ്രവർത്തനരീതിയും ഘടനയും ഉദ്യോഗസ്ഥ വിന്യാസവും ഏതുതരത്തിലാണെന്ന് വിശദമാക്കുമോ; | എ) | 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണ നിലവാരനിയമം രാജ്യത്തുടനീളം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് രൂപീകരിച്ചിട്ടുള്ളതും നിലവിലുണ്ടായിരുന്ന ജില്ലാ ഫുഡ് ഇൻസ്പെക്ടർ ഓഫീസുകൾ, സർക്കിൾ ഫുഡ് ഇൻസ്പെക്ടർ ഓഫീസുകൾ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് അനലറ്റിക്കൽ ലാബോറട്ടറികളും ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട വഴിപാട് സാധനങ്ങളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി പത്തനംതിട്ടയിൽ സ്ഥാപിച്ചിട്ടുള്ള ജില്ലാ ലാബും ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഭക്ഷ്യസുരക്ഷാ കമ്മീഷണറെ കൂടാതെ 2 ജോയിന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാർ ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ (പിഎഫ്എ) യുടെ തസ്തികയും നിലവിലുണ്ട്. കൂടാതെ ആരോഗ്യവകുപ്പിൽ നിന്നുള്ള നാല് ക്ലാർക്കമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, അനലറ്റിക്കൽ ലബോറട്ടറിയിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ ടെക്നിക്കൽ അസിസ്റ്റന്റ് ആയി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലും നിയോഗിച്ചിട്ടുണ്ട്. 14 ജില്ലകളിലായി പ്രവർത്തിച്ചിരുന്ന ജില്ലാ ഫുഡ് ഇൻസ്പെക്ടർ തസ്തികയേയും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന |

മൊബൈൽ വിജിലൻസ് സ്ക്വാഡുകളേയും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്ററി എന്ന് പുനർനാമകരണം നടത്തി പ്രവർത്തിച്ചുവരികയാണ്. ആയതിൽ ജില്ലാ ഓഫീസുകളിൽ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്ററിയുടെ ഒരു തസ്തികയും ഒരു ക്ലാർക്ക്, ഒരു ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അസിസ്റ്റന്റ്, ഒരു ഡ്രൈവർ എന്നി തസ്തികകളും നിലവിലുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി (ഇന്റലീജൻസ്) ഓഫീസുകളിൽ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി (ഇന്റലീജൻസ്) എന്ന ഒരു തസ്തികയും രണ്ട് ഫുഡ് സേഫ്റ്റി ഓഫീസറുടെ തസ്തികകളും, ഒരു ക്ലാർക്ക്, രണ്ട് ഓഫീസ് അസിസ്റ്റന്റ്, ഒരു ഡ്രൈവർ എന്നീ തസ്തികകളുമാണ് നിലവിലുള്ളത്. കൂടാതെ പുതിയതായി രൂപീകരിക്കപ്പെട്ടതുൾപ്പെടെ 140 ഫുഡ് സേഫ്റ്റി ഓഫീസുകളും നിലവിലുണ്ട്. മുൻപ് നിലവിലുണ്ടായിരുന്ന 60 ഫുഡ് സേഫ്റ്റി ഓഫീസുകളിൽ ഒരു ഫുഡ് സേഫ്റ്റി ഓഫീസർ, ഒരു ക്ലാർക്ക്, ഒരു ഓഫീസ് അസിസ്റ്റന്റ് എന്നി ക്രമത്തിലാണ് തസ്തികകൾ ഉണ്ടായിരുന്നത്. എന്നാൽ പുതിയതായി രൂപീകരിക്കപ്പെട്ട 80 ഫുഡ് സേഫ്റ്റി ഓഫീസുകളിൽ ഓരോ ഫുഡ് സേഫ്റ്റി ഓഫീസറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ടി ഓഫീസുകളിലേക്ക് ഒരു ക്ലാർക്കിന്റെയും ഒരു ഓഫീസ് അസിസ്റ്റന്റിന്റെും തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പൊസ്സൽ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് അനലറ്റിക്കൽ ലാബോറട്ടറികളിലും ഗവൺമെന്റ് അനലിസ്റ്റ്, ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ്, റിസർച്ച് ഓഫീസർ, ജൂനീയർ റിസർച്ച് ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I/II എന്നി തസ്തികകളും, ജൂനീയർ ലാബ് അസിസ്റ്റന്റ്, പാക്കർ എന്നീ തസ്തികകളും, ഓഫീസ് പ്രവർത്തനങ്ങൾക്കായി തിരുവന്തപുരം അനലറ്റിക്കൽ ലാബോറട്ടറിയിൽ ഒരു ജൂനിയർ സൂപ്രണ്ട്, 6 ക്ലാർക്ക്, 2 ടൈപ്പിസ്റ്റ്, 2 ഓഫീസ്

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എന്നീ തസ്തികകളും, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഒരു ഹെഡ് ക്ലാർക്ക്, 4 ക്ലാർക്ക്, 2 ടൈപ്പിസ്റ്റ്, 2 ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളും നിലവിലുണ്ട്. |
| ബി) | നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണ വിപണന വിതരണ മേഖലകളിലെ അസംസ്കൃത വസ്തുക്കളുടെയും ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുവാനും പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവ ഉറപ്പുവരുത്തുവാനും കഴിയുന്ന തരത്തിൽ ഉദ്യോഗസ്ഥ വിന്യാസം സാധ്യമാകുന്നുണ്ടോ: ഇതു സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | ബി), സി) & ഡി) | ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ നിയമപരമായ ചുമതലകളും യോഗ്യതകളും ഉത്തരവാദിത്വങ്ങളും, 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. ടി യോഗ്യതകൾ ഉള്ളവരെ മാത്രമേ ഭക്ഷ്യസുരക്ഷാ ഓഫീസർമാരായി നിയമിക്കുവാൻ നിലവിൽ സാധിക്കുകയുള്ളൂ. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഉദ്യോഗസ്ഥ വിന്യാസം ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് വിശദമായ പഠനം നടത്തി വരികയാണ്. |
| സി) | ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥൻമാരെ കൃത്യ നിർവ്വഹണത്തിൽ സഹായിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന വിപുലീകരണ പദ്ധതി നിർദ്ദേശങ്ങളടങ്ങിയ ഫയലിൻമേൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്; | | |
| ഡി) | ഹോട്ടലുകളിലും റെസ്റ്റാറന്റുകളിലും ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന ഇതര സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുമ്പോൾ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരവും ശുചിത്വവും വിലയിരുത്തുന്നതോടൊപ്പം ഭക്ഷണ നിർമ്മാണ സ്ഥാപനങ്ങളുടെ പൊതുശുചിത്വം, പരിസര ശുചിത്വം എന്നിവ കൂടി വിലയിരുത്തപ്പെടേണ്ടതുണ്ട് എന്നുള്ളതിനാൽ ഹെൽത്ത് ഇൻസ്പെക്ടർ/സാനിറ്ററി ഇൻസ്പെക്ടർമാരുടെ സേവനം കൂടി ഈ മേഖലയിൽ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**